# <u>പത്രക്കുറിപ്പ്</u>

900 വിദ്യാഭാരതി സ്കൂളുകൾക്ക് അംഗീകാരം നൽകാൻ പൊതുവിദ്യാഭ്യാസവകുപ്പ് നീക്കം നടത്തുന്നതായി നവമാധ്യമങ്ങൾ മുഖേന നടത്തുന്ന പ്രചാരണം അടിസ്ഥാനരഹിതമാണെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു.

നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നശേഷം, സി.ബി.എസ്.സി./ഐ.സി.എസ്.ഇ/അൺ-എയ്ഡഡ് സ്കൂളുകൾക്ക് ഒന്നും തന്നെയും അംഗീകാരം നൽകുകയോ അംഗീകാരത്തിനായി അപേക്ഷ ക്ഷണിക്കുകയോ ചെയ്തിട്ടില്ല. മുൻകാലങ്ങളിൽ അപേക്ഷ സമർപ്പിച്ചിരുന്ന അനധികൃത സ്കൂളുകൾക്കും അംഗീകാരം നൽകാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ പ്രവർത്തനം നിർത്തലാക്കുന്നതിന് ജില്ലാവിദ്യാഭ്യാസ ആഫീസർമാർ മുഖേന നോട്ടീസ് നൽകി നടപടി സ്വീകരിച്ചു വരികയാണ്. അടുത്ത അധ്യായനവർഷം അംഗീകാരമില്ലാത്ത ഒറ്റ സ്കൂൾ പോലും സംസ്ഥാനത്ത് പ്രവർത്തിപ്പിക്കാൻ പാടില്ല എന്ന സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം കർശനമായി നടപ്പാക്കാനുള്ള നടപടികളുമായി വിദ്യാഭ്യാസ വകുപ്പ് മുന്നോട്ടുപോകുമ്പോൾ ഇത്തരം വ്യാജപ്രചരണങ്ങളിൽ വിശ്വസിക്കരുതെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചു.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**